# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.13 — 05.03.2012 - ലെ മറുപടിയ്ക്ക്

## കാസർഗോഡ് ജില്ലയിലെ ജനസമ്പർക്ക പരിപാടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) | ശ്രീ.ഉമ്മൻചാണ്ടി (മുഖ്യമന്ത്രി) |
| (എ) കാസർഗോഡ് ജില്ലയിൽ നടത്തിയ ജനസമ്പർക്ക പരിപാടിയിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് ; | (എ) കാസർഗോഡ് ജില്ലയിൽ നടത്തിയ ജനസമ്പർക്ക പരിപാടിയിൽ 22414 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. |
| (ബി) ഇതിൽ ചികിത്സാ സഹായത്തിനായി ലഭിച്ച എത്ര അപേക്ഷകളുണ്ട്; ഇതിനായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് മണ്ഡലം തിരിച്ചുള്ള വിശദാംശം നൽകുമോ ; | (ബി) ഇതിൽ ചികിത്സാ സഹായത്തിനായി 2936 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. 70,51,250/-രൂപ ചികിത്സാ ധനസഹായമായി അനുവദിച്ചിട്ടുണ്ട്. മണ്ഡലം തിരിച്ചുള്ള കണക്ക് എടുത്തിട്ടില്ല. |
| (സി) ചികിത്സാ സഹായത്തിനല്ലാതെയുള്ള എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; അവയിൽ എത്ര എണ്ണത്തിന് തീർപ്പ് കൽപ്പിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | (സി) ചികിത്സാ സഹായത്തിനല്ലാതെയുള്ള 19478 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അവയിൽ 10013 അപേക്ഷകൾക്ക് തീർപ്പു കൽപ്പിച്ചിട്ടുണ്ട്. |
| (ഡി) പ്രസ്തുത പരിപാടി സംഘടിപ്പിക്കുന്നതിന് എത്ര തുക ചെലവായിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ ? | (ഡി) പ്രസ്തുത പരിപാടി സംഘടിപ്പിക്കുന്നതിന് കാസർഗോഡ് ജില്ലാ കളക്ടർ മുഖേന 274050 രൂപ ചെലവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.